# Malayala Manorama

## 27 August 2018

## Thiruvananthapuram, Flood Relief, Assistance from Other States

# അയലത്തിരുന്ന് അവരൊന്നിച്ചു, പ്രളയം വിഴുങ്ങിയ നാടിനു വേണ്ടി

**അയൽസംസ്ഥാനങ്ങളിൽ നിന്ന് സഹായമെത്തിച്ച് മലയാളി സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ കൂട്ടായ്മ**

തിരുവനന്തപുരം● അയൽ സംസ്ഥാനങ്ങളിലെ മലയാളി ഉദ്യോഗസ്ഥർ നാടിനായി വാട്സാപ്പിൽ ഇറങ്ങിയപ്പോൾ പിറന്നതു പ്രളയ ദുരിതാശ്വാസത്തിലെ പുതിയ ചരിത്രം. ദുരിതാശ്വാസ ക്യാംപുകളിലേക്ക് അവശ്യവസ്തുക്കൾ എത്തിക്കാൻ സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് ഏറ്റവും സഹായകമായത് അയൽ സംസ്ഥാനങ്ങളിലെ സിവിൽ സർവീസ് ഉദ്യോഗസ്ഥർ ആരംഭിച്ച 'കേരള ഫ്ലഡ്സ്' എന്ന വാട്സാപ് കൂട്ടായ്മ.

ഈ ഗ്രൂപ്പിലൂടെയുള്ള ഏകോപനത്തിൽ മാത്രം കേരളത്തിലെത്തിയത് 600 ലോഡ് അവശ്യവസ്തുക്കൾ. കൂട്ടായ്മയിൽ കേരളത്തിലെ ജില്ലാ കലക്ടർമാർ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥരും ഭാഗമാണ്. മലയാളികളല്ലാത്ത ഒട്ടേറെ ഉദ്യോഗസ്ഥരും സഹായിക്കാനായി ഈ ഗ്രൂപ്പിന്റെ ഭാഗമായി. ക്യാംപുകളിലെ ആവശ്യങ്ങൾ രേഖപ്പെടുത്താനായി ഒരു ഗൂഗിൾ ഡോക്യുമെന്റും ഗ്രൂപ്പിൽ പങ്കുവച്ചു.

കേരളത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി തമിഴ്നാട് സർക്കാർ ആരംഭിച്ച 'അൻപുടൻ തമിഴകം' എന്ന പദ്ധതിക്കായി സർക്കാർ നിയോഗിച്ച ഡാരിസ് അഹമ്മദ്, സന്തോഷ് ബാബു എന്നീ മലയാളി ഐഎഎസ് ഉദ്യോഗസ്ഥരും കേരള ഫ്ലഡ്സ് ഗ്രൂപ്പിലും സജീവസാന്നിധ്യമായിരുന്നു. ഓക്സിജൻ സിലിണ്ടറുകൾ, ബ്ലീച്ചിങ് പൗഡർ, മരുന്നുകൾ എന്നിവയുടെ ലഭ്യത ആരോഗ്യവകുപ്പുമായി ചേർന്ന് ഏകോപിപ്പിച്ചു.

ട്രെയിൻ വഴി അവശ്യവസ്തുക്കൾ അയയ്ക്കുന്നതിനു നേതൃത്വം നൽകിയതു റെയിൽവേ സർവീസിലെ മലയാളി ഉദ്യോഗസ്ഥരായിരുന്നു.

# തമിഴ്നാട് സർക്കാർ ജീവനക്കാരുടെ ഒരു ദിവസത്തെ ശമ്പളം കേരളത്തിന്

■ **200 കോടി രൂപ നൽകും**

തിരുവനന്തപുരം ● തമിഴ്നാട്ടിലെ മുഴുവൻ സർക്കാർ ജീവനക്കാരും ഒരു ദിവസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകുമെന്നു തമിഴ്നാട് ഗവ. എംപ്ലോയീസ് അസോസിയേഷൻ (ടിഎൻജിഇഎ) സംസ്ഥാന സെക്രട്ടറി സി.ആർ.രാജ്കുമാർ അറിയിച്ചു. ഏകദേശം 200 കോടി രൂപയാകും നൽകുക. ഈ മാസത്തെ ശമ്പളത്തിൽനിന്ന് ഇതു നൽകാനാണു തീരുമാനം.

കേരളത്തിലെ ദുരിതബാധിതരെ സഹായിക്കാനായി 4000 കിലോ അരി, ആവശ്യമരുന്നുകൾ, കുട്ടികളുടെ ഉടുപ്പുകൾ, ബെഡ്ഷീറ്റുകൾ, സാരികൾ, ജാക്കറ്റുകൾ എന്നിവ തമിഴ്നാട് ജീവനക്കാർ നിശാഗന്ധി ഓഡിറ്റോറിയത്തിലെ കലക്ഷൻ സെന്ററിൽ എത്തിച്ചു. ഇതു രണ്ടാമത്തെ ലോഡാണ്. നേരത്തേ അവശ്യവസ്തുക്കൾ ഇടുക്കി ജില്ലയിൽ എത്തിച്ചിരുന്നു.